സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഓൺലൈൻ ലോട്ടറികൾ

48 [331] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഓൺലൈൻ ലോട്ടറികളാണ് പ്രവർത്തിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇവയ്ക്ക് ഓരോന്നിനും എത്ര ഔട്ട്ലെറ്റുകൾ വീതം ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ഓൺലൈൻ ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുവാൻ മുൻകൂർ അനുവാദം വാങ്ങിയിരുന്നോ;

(ഡി) മുൻകൂർ അനുവാദം വാങ്ങാതെ ഇവ പ്രവർത്തിച്ചിരുന്നപ്പോൾ അവർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(എഫ്) അടുത്തകാലത്ത് നിയമവിധേയമല്ലാതെ പ്രവർത്തിച്ചിരുന്ന ഓൺലൈൻ ലോട്ടറികൾ പൂട്ടുന്നതുവരെ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന നികുതി എത്രയാണെന്ന് അറിയിക്കാമോ;

(ജി) പ്രസ്തുത കുടിശ്ശിക നികുതി പിരിച്ചെടുക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) അരുണാചൽ പ്രദേശ്, കർണാടക, മേഘാലയ, മണിപ്പൂർ, നാഗാലാന്റ്, സിക്കിം എന്നീ ആറു സംസ്ഥാനങ്ങളുടേതായി 26 ഓളം ഓൺലൈൻ ഭാഗ്യക്കുറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

(ബി) 2361 ഔട്ട്ലെറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു. ഇവ ഓരോന്നിലും ഒന്നിൽ കൂടുതൽ അന്യസംസ്ഥാനങ്ങളുടെ ഓൺലൈൻ ഭാഗ്യക്കുറി ടിക്കറ്റുകൾ വില്പന നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള ഔട്ട്ലെറ്റുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു:

ജില്ല	ഔട്ട്ലെറ്റുകൾ
തിരുവനന്തപുരം	185
കൊല്ലം	144
ആലപ്പുഴ	160

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	ഔട്ട്‌ലെറ്റുകൾ
പത്തനംതിട്ട	120
കോട്ടയം	197
ഇടുക്കി	97
എറണാകുളം	270
തൃശ്ശൂർ	219
പാലക്കാട്	251
മലപ്പുറം	111
കോഴിക്കോട്	209
കണ്ണൂർ	214
കാസർഗോഡ്	110
വയനാട്	74
ആകെ	2361

(സി) ഇല്ല.

(ഡി) നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന ഓൺലൈൻ, പേപ്പർ ഭാഗ്യക്കുറി എന്നിവയുടെ വില്പന നിയന്ത്രിക്കുന്നതിന് കേരള സംസ്ഥാന ഭാഗ്യക്കുറി, ഓൺലൈൻ ഭാഗ്യക്കുറി നിയന്ത്രണ ചട്ടങ്ങളുടെ, ചട്ടം 24-ൽ അനുശാസിക്കുന്ന തരത്തിൽ നിയന്ത്രണ നടപടി സ്വീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 7-11-2003-ൽ പ്രമുഖ പത്രങ്ങൾ വഴി പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഇത്തരം ഭാഗ്യക്കുറികൾക്കെതിരെ നോട്ടീസ് നൽകുകയും തുടർന്ന് വില്പന നിർത്തിവെയ്ക്കാൻ കൂട്ടാക്കാത്ത വില്പന കേന്ദ്രങ്ങൾ ചട്ടം 24 (4) ബി പ്രകാരം സംസ്ഥാനത്തുടനീളം അടച്ചുപൂട്ടി മുദ്ര വെയ്ക്കുകയുണ്ടായി. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ചില അന്യ സംസ്ഥാന സർക്കാരുകളും അവരുടെ മൊത്ത വിതരണക്കാരും ബഹു. ഹൈക്കോടതിയിൽ രണ്ട് റിട്ട് പെറ്റീഷനുകൾ നൽകിയെങ്കിലും ബഹു. കോടതി സർക്കാർ നടപടി ശരിവെച്ചു. ഇതിനെതിരെ പരാതിക്കാർ വീണ്ടും നൽകിയ അപ്പീൽ ഹർജിയിൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 19-12-2003-ൽ ഒരു ഇടക്കാല ഉത്തരവിലൂടെ സിംഗിൾ ബഞ്ച് വിധിക്ക് താൽക്കാലിക സ്റ്റേ അനുവദിച്ചു. പ്രസ്തുത സ്റ്റേ നീട്ടിക്കിട്ടുന്നതിനും കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം 1998-ലെ വ്യവസ്ഥകൾ പാലിക്കാത്ത എല്ലാതരം ഭാഗ്യക്കുറികളും നിയന്ത്രിക്കുന്നതിനുംവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര ഭാഗ്യക്കുറി ചട്ടത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ സംസ്ഥാനത്തെ വില്പനയ്ക്കെതിരെ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വേണ്ട നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കാൻ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലയിൽ ഒരു ഓഫീസറെ ഈ ജോലിക്കായി പ്രത്യേകം നിയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓൺലൈൻ ലോട്ടറി

49 [332] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി ക്രമാതീതമായി വർദ്ധിച്ചു വരുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ലോട്ടറികളുടെ നടത്തിപ്പിനെക്കുറിച്ച് എന്തെങ്കിലും പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അന്യ സംസ്ഥാനങ്ങളുടെ ഓൺലൈൻ ലോട്ടറി വില്പന സംസ്ഥാനത്തിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഓൺലൈൻ ലോട്ടറി ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്.

(സി) കേന്ദ്ര ഭാഗ്യക്കുറി നിയമത്തിന്റെ ലംഘനങ്ങൾ നടക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) നിയമ വിരുദ്ധമായി നടത്തപ്പെടുന്ന ലോട്ടറികൾ നിയമ നടപടികളിലൂടെ നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly